പാറശ്ശാലയിൽ റീജിയണൽ വർക്ക്ഷോപ്പ്

1028 [1934] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാലയിലെ റീജിയണൽ വർക്ക്ഷോപ്പിനുവേണ്ടി ഇതുവരെ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ;

(ബി) അതിന്റെ പ്രവർത്തനത്തെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 20,81,513 രൂപ.

(ബി) ഉണ്ട്.

കെ. എസ്. ആർ. ടി. സി.യിലെ കണ്ടക്ടർ തസ്തികയിലേക്ക് സ്പെഷൽ റിക്രൂട്ട്മെന്റ്

1039 [1935] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ.ടി.സി.യിലെ കണ്ടക്ടർ തസ്തികയിൽ സംവരണ ശതമാനം പൂർത്തിയാക്കാൻവേണ്ടി 19-6-1979-ലെ ഗസറ്റു വിജ്ഞാപനപ്രകാരം എത്ര പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു;

(ബി) ആ റാങ്കുലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നടത്തി;

(സി) സംവരണ ശതമാനം പൂർത്തിയാക്കാൻ ആ ലിസ്റ്റിൽ നിന്നും ഇനി എത്ര പേരെ കൂടെ നിയമിക്കേണ്ടിവരും;

(ഡി) ഇവരെ എപ്പോൾ നിയമിക്കും എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1070 പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(ബി) 296 പേർക്ക് നിയമനം നൽകി.

(സി, ഡി) പി. എസ്. സി. അഡ്വൈസ് ചെയ്ത 241 പേരെ നിയമിക്കാൻ ആവശ്യമായ നടപടികളെടുക്കാൻ കെ. എസ്. ആർ. ടി.സി. യോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

നെയ്യാറിൻകരനിന്നും സ്വകാര്യ വാഹനങ്ങളുടെ സമാന്തര സർവ്വീസുകൾ

1040 [1936] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബസ്സുകൾ ഇല്ലാത്ത നെയ്യാറിൻകര താലൂക്കിൽ ട്രക്കറുകളും വാനുകളും സമാന്തര സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൂടുതൽ ബസ്സുകൾ സർവ്വീസിന് ഇറക്കി ഈ റൂട്ടിൽ ഉള്ള ട്രക്കർ, വാൻ സർവ്വീസുകളെ നിരുത്തലാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly